**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **06-12-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പയിന്മേലുള്ള ധനസഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടക്കാൻ സാധിക്കാത്ത കുടുംബങ്ങളെ സഹായിക്കുന്നതിനായി നടപ്പാക്കിയിരുന്ന സർക്കാർ ധനസഹായ പദ്ധതി തുടരുന്നുണ്ടോ; | (എ) | പഠന പൂർത്തീകരണത്തിനു ശേഷം വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാതെ കടക്കെണിയിലായവരെ സഹായിക്കുന്നതിനായി 16/05/2017-ലെ സ.ഉ(അച്ചടി) നം.65/2017/ധന പ്രകാരം നിലവിൽ വന്ന പദ്ധതിയാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി. 31/01/2018 വരെയാണ് പദ്ധതിയുടെ കീഴിൽ അപേക്ഷ ക്ഷണിച്ചത്. മേൽ തീയതി വരെ ലഭിച്ച അപേക്ഷകളിൽ ബാങ്ക്തല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാക്കുന്ന യോഗ്യമായ അപേക്ഷകളിൽ സർക്കാർ വിഹിതം അനുവദിച്ചു വരുന്നു. പദ്ധതിയുടെ കീഴിൽ നാളിതു വരെ 209.11 കോടി രൂപ സർക്കാർ സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം അപേക്ഷകരുടെ പലിശ നൽകുന്ന സർക്കാർധനസഹായ പദ്ധതി തുടർന്നും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി തുടരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ